(ബി) എത്ര പേർ അനർഹരായി പെൻഷൻ വാങ്ങുന്നതായിട്ടാണ് കണ്ടെത്തിയത്;

(സി) അനർഹരെ ഒഴിവാക്കുന്നതിലൂടെ പ്രതിവർഷം എത്ര രൂപ ലാഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മസ്റ്ററിംഗ് നടത്തുന്നതിനായി 2019 നവംബർ 11 മുതൽ 2020 ഫെബ്രുവരി 15 വരെ സമയം അനുവദിച്ചിരുന്നു. ഈ സമയപരിധിക്കുള്ളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 91.5% പേരും ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 87.14% പേരും മസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചുപേർ കൂടി പലവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരുപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയൊരു നമ്പർ അനർഹരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(സി) ഈ പ്രക്രിയ പൂർത്തിയായാൽ മാത്രമേ അവസാന കണക്കുകളിൽ എത്തിച്ചേരാനാകൂ. നിലവിലെ കണക്കുകൾ പ്രകാരം പ്രതിവർഷം ഏകദേശം 706.20 കോടി രൂപയുടെ ചെലവ് ഒഴിവാക്കാനാകും.

## സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമപെൻഷനും വാങ്ങുന്നവരുടെ മസ്റ്ററിംഗ്

94 (424) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷനും, ക്ഷേമ പെൻഷനുകളും വാങ്ങിക്കൊണ്ടിരുന്നവരിൽ വളരെയധികം പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) അനർഹരെ കണ്ടെത്തുന്നതിന് നടത്തിയ മസ്റ്ററിംഗിന്റെ അവസാന തീയതി കഴിഞ്ഞപ്പോൾ ഓരോ വിഭാഗം പെൻഷൻ വാങ്ങുന്നവരിൽനിന്നും എത്ര പേർ വീതം പുറത്തായി; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേമപെൻഷൻ വാങ്ങുന്നവരിൽ വലിയൊരു വിഭാഗം ഒഴിവാക്കപ്പെട്ടതിലൂടെ സർക്കാരിന് എത്ര തുകയാണ് ലാഭിക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമപെൻഷൻ അനർഹമായി വാങ്ങിയവരെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അനർഹമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുവാൻ ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചുപേർ കൂടി പലവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരുപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയൊരു നമ്പർ അനർഹരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ബി) മസ്റ്ററിംഗ് സമയപരിധി അവസാനിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(സി) അർഹതപ്പെട്ട പെൻഷണർമാരെ ഒഴിവാക്കുന്നതിനുവേണ്ടിയല്ല മസ്റ്ററിംഗ് നടത്തിയത്. അർഹരായ കുറച്ചുപേർ കൂടി മസ്റ്ററിംഗ് നടത്തുവാനുണ്ടെന്ന് കണക്കാക്കിയാൽപ്പോലും നല്ലൊരു സംഖ്യ അനർഹർ പെൻഷൻ വാങ്ങിപ്പോന്നുവെന്ന അനുമാനത്തിലേയ്ക്കാണ് നിലവിലെ കണക്കുകൾ കൊണ്ടെത്തിക്കുന്നത്. ഇപ്പോഴത്തെ കണക്കുകൾ പ്രകാരം നിലവിലെ ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1200 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 58.85 കോടിയോളം രൂപ പെൻഷൻ ഇനത്തിലുള്ള ചെലവിൽ കുറവുവരാം.

(ഡി) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ മസ്റ്ററിംഗിനുശേഷം 2020 ഫെബ്രുവരി 15-ലെ കണക്കുകൾ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്തൃപ്പട്ടികയിലുണ്ടായിരുന്ന 401875 പേരും (8.5%), ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കളിൽ 88504 പേരും (12.86%) മസ്റ്ററിംഗ് ചെയ്യാതെ അവശേഷിക്കുന്നു. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നുവെന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.

6-11-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 483/2017/ധന. ഉത്തരവ് പ്രകാരം അനർഹമായി കൈപ്പറ്റിയിട്ടുള്ള പെൻഷൻ തിരിച്ചുപിടിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ആകയാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക**

95 (425) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക എത്ര രൂപയായിരുന്നു; എത്ര മാസത്തെ തുകയാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത കുടിശ്ശിക എത്ര തവണയായാണ് വിതരണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സാമൂഹിക സുരക്ഷാ പെൻഷൻ എത്ര രൂപയായിരുന്നു; ഇപ്പോൾ എത്ര രൂപയാണ്; എത്ര തവണ ഇത് വർദ്ധിപ്പിച്ചു; ഓരോ തവണയും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത്; വിശദമാക്കാമോ;

(ഡി) ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരായി ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം ലഭ്യമാക്കാമോ; അങ്ങനെയുള്ളവരെ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കുടിശ്ശികയായ 1473.67 കോടി രൂപ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ടുഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly